## ഗ്രാമവികസന കമ്മീഷണറുടെ നടപടിക്രമം

## (ഹാജർ: എ.ഷിബു ഐ.എ.എസ്)

ഗ്രാമവികസന വകുപ്പ് – ജീവനക്കാര്യം - ശ്രീ. എസ്. അനീഷ്, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തസ്തികയിൽ നിയമിച്ച് ഉത്തരവാകുന്നു.

**ഉത്തരവ് നം.182/എസ്റ്റാ.ബി1/2020/സിആർഡി** **തീയതി: 30.03.2021**

പരാമർശം :
1. 12.10.2020-ലെ RIC(3)11744/2018/GW നം. നിയമന ശുപാർശ
2. ഗ്രാമവികസന കമ്മീഷണറുടെ 30.10.2020-ലെ ഇതേ നമ്പർ ഉത്തരവ്
3. സ.ഉ.(സാധാ) നം. 121/2021/തസ്വഭവ തീയതി 18.11.2021
4. ഗ്രാമവികസന കമ്മീഷണറുടെ 30.01.2021-ലെ 554/എസ്റ്റാ.ബി1/2020/ നമ്പർ നടപടിക്രമം.
5. ഈ ഓഫീസിലെ 01.02.2021-ലെ ഇതേ നമ്പർ കത്ത്

## ഉത്തരവ്

ശ്രീ. എസ്. അനീഷ്, മുക്കാലുവിള വീട്, കരിങ്ങന്നൂർ പി. ഒ, കൊല്ലത്തിന് ബൈട്രാൻസ്ഫർ വ്യവസ്ഥയിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തസ്തികയിൽ പരാമർശം (1) പ്രകാരം നിയമന ശുപാർശ നൽകുകയും പരാമർശം (2) പ്രകാരം കണ്ണൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയായി നിയമനം നൽകുകയും ചെയ്തിട്ടുണ്ട്. പരാമർശം (3) പ്രകാരം ശ്രീ. എസ്. അനീഷ്-ന് നിയമന ഉത്തരവ് തീയതി മുതൽ ആറ് മാസത്തേക്ക് പ്രവേശന സമയം ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. കേരള നിയമ സഭാ തെരഞ്ഞെടുപ്പിൽ കണ്ണൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് ഉപ വരണാധികാരിയുടെ ചുമതലയുള്ളതിനാൽ സൂചന (4) പ്രകാരം കണ്ണൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തസ്തികയിൽ സ്ഥലം മാറ്റത്തിലൂടെ നിയമനം നടത്തിയിട്ടുണ്ട്. ശ്രീ. എസ്. അനീഷ് സേവനത്തിൽ പ്രവേശിക്കുവാൻ ആഗ്രഹിക്കുന്ന തീയതിയിൽ ഈ ഓഫീസിൽ ഹാജരാക്കുന്നതിന് പരാമർശം (5) പ്രകാരം നിർദ്ദേശം നൽകിയിട്ടുള്ളതാണ്. മേൽ സാഹചര്യത്തിൽ സൂചന (2) ഉത്തരവ് ഭേദഗതി ചെയ്ത് ശ്രീ. എസ്. അനീഷിനെ ഇടുക്കി ജില്ലയിൽ അടിമാലി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയായി നിയമിക്കുന്നു. സൂചന (2) ഉത്തരവ് ഈ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്. പൊതു സ്ഥലംമാറ്റ ഉത്തരവുകൾ പുറപ്പെടുവിക്കുന്ന മുറയ്ക്ക് ആവശ്യമെങ്കിൽ ശ്രീ. എസ്. അനീഷ്-നെ സ്ഥലം മാറ്റി നിയമിക്കുന്നതാണ്. പരാമർശം (2) പ്രകാരം ലഭ്യമാക്കിയ വൺ ടൈം വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് കണ്ണൂർ അസി. ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) ഇടുക്കി അസി. ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ)ന് അയച്ചുനൽകേണ്ടതാണ്.

ശ്രീ. അനീഷ് സേവനത്തിൽ പ്രവേശിക്കുന്നതിനായി ഇടുക്കി ജില്ലാ കളക്ടർ / അസി. ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) മുമ്പാകെ ഹാജരാകേണ്ടതാണ്. KS & SSR ഭാഗം II ചട്ടം 27 (3) പ്രകാരം ശ്രീ. എസ്. അനീഷ് സേവനത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ മാത്രമേ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തസ്തികയിൽ സീനിയോരിറ്റിക്ക് അർഹതയുള്ളൂ. പരാമർശം (3) പ്രകാരം ദീർഘിപ്പിച്ചുനൽകിയ സമയത്തിനുള്ളിൽ സേവനത്തിൽ പ്രവേശിക്കാത്തപക്ഷം ഇനിയൊരറിയിപ്പ് കൂടാതെ ടിയാന്റെ നിയമന ഉത്തരവ് റദ്ദ് ചെയ്യുന്നതാണ്.

(ഒപ്പ്)
ഗ്രാമവികസന കമ്മീഷണർ

സ്വീകർത്താവ് : ശ്രീ. എസ്. അനീഷ്
മുക്കാലുവിള വീട്,
കരിങ്ങന്നൂർ പി. ഒ, കൊല്ലം

പകർപ്പ്
1. ജില്ലാ കളക്ടർ, ഇടുക്കി, കണ്ണൂർ
2. അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ), കണ്ണൂർ, ഇടുക്കി
3. സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ എ)&ഇ(, തൃശ്ശൂർ (ആമുഖ കത്ത് സഹിതം)
5. സെക്രട്ടറി, അടിമാലി ബ്ലോക്ക് പഞ്ചായത്ത്
4. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

ജൂനിയർ സൂപ്രണ്ട്

ആർ.ജെ.എസ്.